ഗസ്റ്റ് ലക്ചറർ ഒഴിവ്

തിരുവനന്തപുരം

നീറമൺകര എൻഎസ്എസ് വനിതാ കോളേജിൽ ബോട്ടണി, സുവോളജി, കെമിസ്ട്രി, ഹോംസയൻസ്, മാത്തമാറ്റിക്സ്, ഫിലോസഫി, മലയാളം, ഹിന്ദി, ഇംഗ്ലീഷ്, ഹിസ്റ്ററി, മ്യൂസിക് എന്നീ വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കും. 17നകം അപേക്ഷിക്കണം. വിവരങ്ങൾക്ക്: 04712490548.

താൽക്കാലിക നിയമനം

തിരുവനന്തപുരം

ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയിൽ വിവിധ തസ്തികകളിൽ കരാർ/ദിവസവേതന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി 12. വിവരങ്ങൾക്ക്: www.khrws.kerala.gov.in.

■ വിവാഹം

വെങ്ങാനൂർ

വെണ്ണിയൂർ കരയ്ക്കാട്ടുവിള ലളിത വിലാസത്തിൽ സന്തോഷ് കുമാറിന്റെയും ജി രഞ്ജുളയുടെയും മകൾ അതുല്യ സന്തോഷും പയറ്റുവിള മീമറത്തല വീട്ടിൽ രാജേന്ദ്രകുമാറിന്റെയും ഗിരിജകുമാരിയുടെയും മകൻ ആർ അനീഷ് രാജും വിവാഹിതരായി.

വെങ്ങാനൂർ

വെണ്ണിയൂർ അനിൽ നിവാസിൽ ഡി അനിൽകുമാറിന്റെയും എൽ മായാദേവിയുടെയും മകൻ എ എം അമലും കാര്യവട്ടം ജയ് വിഹാർ പിആർഎസി 9 ൽ എം ജയമോഹനന്റെയും എസ് ശ്രീകുമാരിയുടെയും മകൾ എസ് ആര്യമോഹനനും വിവാഹിതരായി.

ചാനൽ സിനിമ

കൈരളി
6.30 വിവേകം
9.00 ബാബാകല്യാണി
12.00 ജല്ലിക്കെട്ട്
4.00 വല്യേട്ടൻ
7.30 മാട്രാൻ
10.00 കൊടി

വി
7.00 മാന്ത്രികക്കുതിര
10.00 കോമാളി
3.00 കുറ്റപത്രം
5.30 ജോസഫ്
8.00 പട്ടണത്തിൽ സുന്ദരൻ
11.00 മനുഷ്യമൃഗം

ഏഷ്യാനെറ്റ്
9.30 തൃശൂർപൂരം

ഏഷ്യാനെറ്റ് മൂവിസ്
7.00 മിന്നാരം
10.00 ആട് 2
1.00 പാൽതു ജാൻവർ
3.30 കെജിഎഫ്
7.00 ബ്രോ ഡാഡി
10.30 ലവ് ആക്ഷൻ ഡ്രാമ

സൂര്യ
8.30 കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോ
2.30 സപ്തമശ്രീ തസ്കരാ

സൂര്യ മൂവീസ്
7.00 ധ്വനി
10.00 മുഖമുദ്ര
1.00 ഊമപ്പെണ്ണിന് ഉരിയാടാപയ്യൻ
4.00 തെക്കേക്കര സൂപ്പർഫാസ്റ്റ്
7.00 നായർസാബ്
10.00 ചുക്കാൻ

സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.15, 2.30, 6.00, 9.15, 11.59)

ശ്രീ
- നെയ്യർ (11.00, 6.00, 9.15)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 11.59)

നിള
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

കലാഭവൻ
- 2018 (11.30, 2.30, 6.15, 9.15, 11.59)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 - 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- നെയ്യർ (11.15, 2.15, 10.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- 2018 (11..30, 3.00, 6.30, 10.00)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (2.45, 6.30)
- പൊന്നിയിൻ സെൽവൻ 2 (M) (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- ഫർഹാന (11.00, 10.10)
- IB71 (1.45)
- EVIL DEAD (4.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഓഡി 4
- കേരള സ്റ്റോറി (10.15, 1.15, 4.15, 7.30)
- ജാനകി ജാനെ (10.30)

ഓഡി 5
- GUARDIANS OF THE GALAXY (10.15)
- 2018 (1.15, 4.30, 7.45, 11.00)

ഓഡി 6
- ജാനകി ജാനെ (10.00)
- പാച്ചുവും അത്ഭുതവിളക്കും (12.30, 4.00, 7.30, 10.45)

കൈമാറാം സാധനങ്ങൾ; കൈകോർക്കാം ഒരു വീടൊരുക്കാൻ

കളിപ്പാട്ടംമുതൽ ചില്ലർ വരെ; ചിൽ ആയി ഫ്ലീ മാർക്കറ്റ്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ മുതൽ ചില്ലർ വരെ കൈമാറ്റം ചെയ്ത് വട്ടിയൂർക്കാവ് വൈബ്സിന്റെ ഫ്ലീ മാർക്കറ്റ്. മ്യൂസിക് പ്ലേയർ, വാട്ടർ ബെഡ്, ക്രച്ചസ്, വാക്കർ, സൈക്കിൾ, ക്ലോക്കുകൾ, വാച്ചുകൾ, ബാഗുകൾ, ഫാൻസി ആഭരണങ്ങൾ, വസ്ത്രങ്ങൾ, പാദരക്ഷകൾ തുടങ്ങി നിരവധി ഉൽപ്പന്നങ്ങളുമായാണ് ആളുകൾ കൈമാറ്റച്ചന്തയിൽ എത്തിയത്. വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡിന്റെ (വൈബ്) നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കൈമാറ്റച്ചന്തയുടെ നാലാമത് എഡിഷൻ വി കെ പ്രശാന്ത് എംഎൽഎ ഉദ്ഘാടനം ചെയ്തു. 15 വരെ പിഎംജി സ്റ്റുഡന്റ്സ് സെന്ററിലാണ് ഫ്ലീ മാർക്കറ്റ് നടക്കുന്നത്.

പകൽ രണ്ടുമുതൽ രാത്രി എട്ടുവരെ സാധനങ്ങൾ സ്വീകരിക്കും. വീടുകളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കാതെ വച്ചിരിക്കുന്ന പുനരുപയോഗ മൂല്യമുള്ള വസ്തുക്കൾ ആവശ്യക്കാരിലേക്ക് എത്തിക്കുന്നതിനുള്ള വേദിയാണിത്.

ആദ്യത്തെ രണ്ട് ഫ്ലീ മാർക്കറ്റുകളിലും ഉൽപ്പന്നങ്ങളുടെ കൈമാറ്റം സൗജന്യമായിരുന്നു. കഴിഞ്ഞതവണ ചെറിയ തുക ഈടാക്കിയിരുന്നു. ഇത്തവണ ഉൽപ്പന്നങ്ങൾ കൈപ്പറ്റുന്നവരിൽനിന്ന് കുറച്ചുകൂടി ഉയർന്ന തുക ഈടാക്കുന്നുണ്ട്. ഈ തുക ഉപയോഗിച്ച് വട്ടിയൂർക്കാവ് മണ്ഡലത്തിലെ അർഹരായ ഒരു കുടുംബത്തിന് വീട് നിർമിച്ചുനൽകുകയാണ് ലക്ഷ്യം. വൈബിന്റെ നേതൃത്വത്തിൽ കേരള യൂണിവേഴ്സിറ്റി യൂണിയന്റെയും നഗരത്തിലെ വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയാണ് ഫ്ലീ മാർക്കറ്റ് സംഘടിപ്പിക്കുന്നത്.

നമുക്ക് ഉപയോഗമില്ലാത്തതും മറ്റുള്ളവർക്ക് ഉപയോഗിക്കാൻ കഴിയുന്നതുമായ വസ്തുക്കൾ മാലിന്യമായി പുറന്തള്ളാതെ ആവശ്യക്കാർക്ക് കൈമാറുന്നതിനായി എത്തിക്കണമെന്ന് വി കെ പ്രശാന്ത് എംഎൽഎ അഭ്യർഥിച്ചു.

വട്ടിയൂർക്കാവ് മണ്ഡലം ടെക്നിക്കൽ കമ്മിറ്റി അംഗം ഷിബു കെ നായർ, മണ്ണന്തല മേഖലയിലെ റസിഡന്റ്സ് അസോസിയേഷനുകളുടെ പ്രതിനിധി സുധാകരക്കുറുപ്പ്, വൈബ്കോസ് പ്രസിഡന്റ് സി എസ് രതീഷ്, വൈബ് പ്രഡിഡന്റ് സൂരജ് സുരേന്ദ്രൻ, സെക്രട്ടറി ഉണ്ണികൃഷ്ണൻ, ട്രഷറർ കാർത്തിക് എന്നിവർ പങ്കെടുത്തു. കൈമാറ്റച്ചന്തയുമായി ബന്ധപ്പെടേണ്ട നമ്പർ: 6282418711, 6238384876.

എൽഡിഎഫ് തെരഞ്ഞെടുപ്പ് കൺവൻഷനും ഓഫീസ് ഉദ്ഘാടനവും

പേരൂർക്കട

തെരഞ്ഞെടുപ്പ് കൺവെൻഷൻ
നഗരസഭാ മുട്ടട വാർഡ് ഉപതെരഞ്ഞെടുപ്പ് എൽഡിഎഫ് കൺവൻഷൻ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം നഗരസഭാ മുട്ടട വാർഡ് ഉപതെരഞ്ഞെടുപ്പ് എൽഡിഎഫ് കൺവൻഷൻ മുട്ടട സേവാഗിരി ഹാളിൽ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് തുറന്നു.

സിപിഐ സംസ്ഥാന കൗൺസിൽ അംഗം വി പി ഉണ്ണികൃഷ്ണൻ അധ്യക്ഷനായി. സ്ഥാനാർഥി അജിത് രവീന്ദ്രൻ, സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി, സംസ്ഥാന കമ്മിറ്റി അംഗം എം വിജയകുമാർ, ജില്ലാ സെക്രട്ടറിയറ്റംഗം സി ജയൻബാബു, വി കെ പ്രശാന്ത് എംഎൽഎ, മേയർ ആര്യാ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി കെ രാജു, എൽഡിഎഫ് നേതാക്കളായ ഫിറോസ്ഖാൻ, പാളയം രാജൻ, തമ്പാനൂർ രാജീവ്, വാമനപുരം പ്രകാശ്, പാച്ചല്ലൂർ ജയചന്ദ്രൻ, ആട്ടുകാൽ അജി, അഡ്വ. സന്തോഷ്, ഹിദായത്ത് ബീമാപള്ളി, ഇ ജി മോഹനൻ, എസ് എസ് രാജലാൽ, എം ജി മീനാംബിക, കെ ശശാങ്കൻ, വി അമ്പിളി തുടങ്ങിയവർ സംസാരിച്ചു. ബൂത്ത് കൺവൻഷനുകൾ ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ നടക്കും

തൊളിക്കോട്ട് കോൺഗ്രസ്, ബിജെപി, എസ്ഡിപിഐ കൂട്ടുകെട്ട്

വിതുര

തൊളിക്കോട് പഞ്ചായത്ത് ഭരണസമിതിയെ അട്ടിമറിക്കാൻ കോൺഗ്രസും ബിജെപിയും എസ്ഡിപിഐയും ചേർന്ന അവിശുദ്ധ കൂട്ടുകെട്ട്. അധികാരത്തിലിരിക്കുന്ന എൽഡിഎഫ് ഭരണസമിതിയെ അട്ടിമറിക്കാനായി ഇക്കൂട്ടർ അവതരിപ്പിച്ച അവിശ്വാസപ്രമേയം തള്ളി.

കോൺഗ്രസിലെ അഞ്ചുപേരും എസ്ഡിപിഐയിലെയും ബിജെപിയിലെയും ആകെയുള്ള ഓരോ അംഗങ്ങളും വോട്ടുചെയ്തു. എന്നാൽ, എൽഡിഎഫിലെ ഒരു അംഗംപോലും ഹാജരാകാത്തതിനാൽ പ്രമേയം പരാജയപ്പെട്ടു. തൊളിക്കോട് പഞ്ചായത്തിൽ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ നടത്തി മുന്നേറുന്ന എൽഡിഎഫ് ഭരണസമിതിയെ തകർക്കാൻ കാലങ്ങളായി ഈ അവിശുദ്ധ കൂട്ടുകെട്ട് പ്രവർത്തിക്കുകയാണ്. അഴിമതി നടത്താൻ അവസരമുണ്ടാകാത്തതിൽ വിറളിപൂണ്ട കോൺഗ്രസ് അംഗങ്ങളാണ് ഇതിന് നേതൃത്വം കൊടുക്കുന്നതെന്നാണ് ആക്ഷേപം. പഞ്ചായത്തിൽ നടപ്പാക്കേണ്ട പ്രധാന വികസന പ്രവർത്തനങ്ങൾ ചർച്ചയാക്കുന്ന കമ്മിറ്റികളെ അലങ്കോലപ്പെടുത്തുകയും വികസനത്തിന് തടയിടുകയും ചെയ്യുന്നത് ഇവരുടെ പതിവാണ്. പഞ്ചായത്ത് പ്രസിഡന്റിനെ ആക്രമിക്കാനുംമുമ്പ് ശ്രമമുണ്ടായി. വികസനനേട്ടങ്ങൾ വിശദീകരിച്ചും അവിശുദ്ധ കൂട്ടുകെട്ട് തുറന്നുകാട്ടിയും എൽഡിഎഫ് നേതൃത്വത്തിൽ പഞ്ചായത്തിൽ 17ന് ജാഥ സംഘടിപ്പിക്കും.

കർഷകസംഘം ജനറൽബോഡി യോഗം

വഞ്ചിയൂർ

കേരള കർഷകസംഘം വഞ്ചിയൂർ ഏരിയ ജനറൽ ബോഡി യോഗം സംഘടിപ്പിച്ചു. കേരള കർഷകസംഘം സംസ്ഥാന കമ്മിറ്റി അംഗം ഹരിഹരൻ പിള്ള ഉദ്ഘാടനം ചെയ്തു . ഏരിയ കമ്മിറ്റി ഓഫീസിൽ ചേർന്ന യോഗത്തിൽ ഏരിയ പ്രസിഡന്റ് എൽ എസ് സാജു അധ്യക്ഷനായി. ഏരിയ സെക്രട്ടറി സുരേഷ് കുമാർ സ്വാഗതം പറഞ്ഞു. ഏരിയ ട്രഷറർ വിനീത് നന്ദി പറഞ്ഞു.

■ ഇന്നത്തെ പരിപാടി

- **എ കെ ജി ഹാൾ** നഴ്സസ് വാരാഘോഷ സമാപന സമ്മേളനം. ഉദ്ഘാടനം മന്ത്രി വീണാജോർജ്. പകൽ 1.30
- **നാഷണൽ ക്ലബ്** കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ് ആൻഡ് വർക്കേഴ്സ് ദേശീയ സമ്മേളനം. ഉദ്ഘാടനം എ കെ പത്മനാഭൻ. രാവിലെ 10ന്, സെമിനാർ. അയ്യൻകാളി ഹാൾ. വൈകിട്ട് 4.30ന്
- **സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഓഡിറ്റോറിയം** സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി സംഘടിപ്പിക്കുന്ന സമ്മർ സ്കൂൾ സമാപനസമ്മേളനം. ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ. രാവിലെ 9ന്. വിദ്യാർഥികളുടെ കലാപരിപാടികൾ. പകൽ 2ന്
- **ഭാരത് ഭവൻ, തൈക്കാട്** ഫ്രൈഡേ സ്ക്രീനിങ്ങിൽ കെകെക്സിലി ; മൗണ്ടൻ പട്രോൾ. വൈകിട്ട് 6ന്
- **യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്റർ** വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് (വൈബ്) കൈമാറ്റ ചന്ത. രാവിലെ 10ന്
- **നിള തിയറ്റർ** അഭ്രപാളികളിലെ മധു പ്രദർശനം. രാവിലെ 8.45ന്
- **അമ്യൂസിയം ഗ്യാലറി** കലാപ്രദർശനം. രാവിലെ 10.30ന്
- **ടെക്നോപാർക്ക്** അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ്. രാവിലെ 9ന്
- **ആറ്റിങ്ങൽ മാമം ഗ്രൗണ്ട്** യൂത്ത് കോൺഗ്രസ് ജില്ലാസമ്മേളനം. വൈകിട്ട് 5ന്

കെഎസ്ഇഎ മുൻനേതാക്കളെ ആദരിച്ചു

തിരുവനന്തപുരം

കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ മുൻകാല നേതാക്കളെ ആദരിച്ചപ്പോൾ

കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ രൂപീകരണത്തിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ച് മുൻകാല നേതാക്കളെ ആദരിച്ചു. കെ ജി പ്രകാശ്, പി കെ ഗോപിനാഥൻ നായർ, കെ ത്രിവിക്രമൻ, സി വേലായുധൻ, ജെ പി ചന്ദ്രകുമാർ, കെ ജയചന്ദ്രൻ, കെ സുഭദ്രാമ്മ, രാധാകൃഷ്ണൻ ചെറുവല്ലി, എൻ വിജയകുമാർ, കെ ഉമ്മൻ, കെ വി സുധീർ തുടങ്ങിയവരെയാണ് ആദരിച്ചത്.

ഓൾ ഇന്ത്യ സ്റ്റേറ്റ് ഗവ. എംപ്ലോയീസ് ഫെഡറേഷൻ ദേശീയ സെക്രട്ടറി എ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. അസോസിഷേയൻ പ്രസിഡന്റ് പി ഹണി അധ്യക്ഷനായി. ജനറൽ സെക്രട്ടറി കെ എൻ അശോക് കുമാർ, നാഞ്ചല്ലൂർ ശശികുമാർ എന്നിവർ സംസാരിച്ചു.

പെൻഷൻ സംരക്ഷണ സദസ്സ്

കോവളം

കർഷക തൊഴിലാളി യൂണിയൻ തിരുവല്ലം വെസ്റ്റ് ലോക്കൽ കമ്മിറ്റി കണ്ണൻകോട്ട് സംഘടിപ്പിച്ച പെൻഷൻ സംരക്ഷണ സദസ്സ് കോവളം ഏരിയ ജോയിന്റ് സെക്രട്ടറി കെ എം രാജീവ് ഉദ്ഘാടനം ചെയ്തു. ഇടവിളാകം ദീപു അധ്യക്ഷനായി. കോവളം ഏരിയ സെക്രട്ടറി എസ് മണിയൻ, സിപിഐ എം തിരുവല്ലം വെസ്റ്റ് ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ ആർ ഉണ്ണിക്കൃഷ്ണൻ, പാച്ചല്ലൂർ സുരേഷ്, അജീഷ് കൊല്ലന്തറ, ആറ്റോരം സത്യൻ, തങ്കമണി എന്നിവർ സംസാരിച്ചു.

പ്രതി പിടിയിൽ

തിരുവനന്തപുരം

പ്രവീൺ

വാഹനം മാറ്റിയിടാത്തതിലുള്ള വിരോധത്തിൽ വാഹന ഉടമയെ മർദിച്ചയാൾ അറസ്റ്റിൽ. ജഗതി ടിസി 16/852 കുളപ്പുര വീട്ടിൽ പ്രവീണാണ് (28) അറസ്റ്റിലായത്. ഇയാൾ മൊബൈൽ ഫോൺ പൊട്ടിക്കുകയും കൈയിൽ കരുതിയ ആയുധം കൊണ്ടു തലയുടെ പുറകിൽ ഇടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തിരുന്നു. മ്യൂസിയം പൊലീസാണ് പ്രതിയെ പിടികൂടിയത്.

കാറ്റിലും മഴയിലും മരം ഒടിഞ്ഞുവീണു

പേരൂർക്കട

വ്യാഴം ഉച്ചയോടെ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും വട്ടിയൂർക്കാവിലും പരിസരപ്രദേശങ്ങളിലും നിരവധി സ്ഥലങ്ങളിൽ മരങ്ങൾ കടപുഴകിയും ചില്ലകൾ ഒടിഞ്ഞു വീണും വ്യാപക നാശം. കാഞ്ഞിരംപാറ, കൊടുങ്ങാനൂർ, കുലശേഖരം, മൂന്നാമൂട്, പുളിയറക്കോണം, വെള്ളൈക്കടവ്, മണ്ണറക്കോണം, സിപിടി റോഡ് എന്നിവിടങ്ങളിലാണ് മരങ്ങൾ ഒടിഞ്ഞുവീണത്. പലയിടത്തും ഗതാഗതം തടസ്സപ്പെട്ടു. മരച്ചില്ലകൾ വീണ് നിരവധി സ്ഥലങ്ങളിൽ വൈദ്യുതലൈനുകളും പൊട്ടി. അഗ്നിരക്ഷാസേനയും നാട്ടുകാരും ചേർന്ന് മരച്ചില്ലകൾ നീക്കി.

മെഡിക്കൽ ക്യാമ്പ് നാളെ

പട്ടം

പട്ടം ആദർശ് നഗർ റസിഡന്റ്സ് അസോസിയേഷൻ നേതൃത്വത്തിൽ ശനിയാഴ്ച അസോസിയേഷൻ ഹാളിൽ മെഡിക്കൽ ക്യാമ്പ് നടത്തും. ഫോൺ: 8921036590, 9400914457.

കല്ലിയൂർ ശ്രീധരന്റെ ചികിത്സയ്ക്കായി പാർടി അംഗങ്ങളിൽനിന്ന് സ്വരൂപിച്ച സഹായധനം ജില്ലാ സെക്രട്ടറി വി ജോയി കൈമാറുന്നു

ചികിത്സാസഹായം കൈമാറി

നേമം

സിപിഐ എം നേമം മുൻ ഏരിയ സെക്രട്ടറിയും നിലവിൽ ഏരിയ കമ്മിറ്റി അംഗവുമായ കല്ലിയൂർ ശ്രീധരന്റെ ചികിത്സയ്ക്കായി പാർടി അംഗങ്ങളിൽനിന്ന് സ്വരൂപിച്ച സഹായധനം ജില്ലാ സെക്രട്ടറി വി ജോയി കൈമാറി. ജില്ലാ കമ്മിറ്റി അംഗങ്ങളായ എം എം ബഷീർ, എസ് കെ പ്രീജ, ഏരിയ സെക്രട്ടറി പാറക്കുഴി സുരേന്ദ്രൻ, എ പ്രതാപചന്ദ്രൻ, ജി വസുന്ധരൻ, എസ് ആർ ശ്രീരാജ്, ജി എൽ ഷിബുകുമാർ, എസ് ജയചന്ദ്രൻ എന്നിവർ പങ്കെടുത്തു.

മെഡിക്കൽ കോളേജിലെത്തിയത് ആയിരത്തിൽതാഴെ രോഗികൾ

തിരുവനന്തപുരം

ഡോ. വന്ദന ദാസിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡോക്ടർമാർ നടത്തിയ സമരം രണ്ടാം ദിനവും പൂർണം. വ്യാഴാഴ്ചയും സമരം തുടരുമെന്ന് അറിയിച്ചതിനാൽ സംസ്ഥാനത്തെ ആശുപത്രി ഒപികളിലെത്തിയ രോഗികളുടെ എണ്ണം മൂന്നിലൊന്നായി കുറഞ്ഞു. ദിവസേന മൂവായിരത്തിലധികം രോഗികൾ ചികിത്സ തേടുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി ഒപിയിൽ വ്യാഴാഴ്ച എത്തിയത് ആയിരത്തിൽ താഴെ രോഗികൾ മാത്രം. പിജി ഡോക്ടർമാരടക്കം സമരത്തിലായതിനാൽ രോഗികൾക്ക് അടുത്ത ആഴ്ചയിലേക്ക് അപ്പോയിന്റ്മെന്റ് വാങ്ങി മടങ്ങേണ്ടിവന്നു. അത്യാഹിത വിഭാഗം തടസ്സമില്ലാതെ പ്രവർത്തിച്ചു.

ശ്രീചിത്ര ഫാക്കൽറ്റി അസോസിയേഷൻ പ്രതിഷേധിച്ചു

തിരുവനന്തപുരം

STOP ATTACK ON DOCTORS
ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫാക്കൽറ്റി അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ പ്രകടനം

ഡോ. വന്ദന ദാസിനെ കൊലപ്പെടുത്തിയതിൽ പ്രതിഷേധിച്ച് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫാക്കൽറ്റി അസോസിയേഷൻ മെഡിക്കൽ കോളേജ് ക്യാമ്പസിൽ പ്രകടനം നടത്തി. ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും ഭയരഹിതമായി ജോലിചെയ്യാൻ സാഹചര്യമൊരുക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ഡോ. വർഗീസ് പണിക്കർ, പ്രൊഫ. പി എൻ ഷൈലജ, ഡോ. അഭിലാഷ്, ഡോ. കവിത രാജ, കെ വി മനോജ് കുമാർ, രഞ്ജിത് കുമാർ, ഡി തോമസ്, പി പ്രശാന്ത്, എസ് പി സുഭാഷ് എന്നിവർ സംസാരിച്ചു.

മാതൃദിനാഘോഷവുമായി ഒ ബൈ താമര

തിരുവനന്തപുരം

മാതൃദിനത്തോടനുബന്ധിച്ച് ഭക്ഷണ വൈവിധ്യവുമായി കഴക്കൂട്ടം ബൈപാസിലെ ഒ ബൈ താമര. ഞായർ പകൽ 11.30 മുതൽ വൈകിട്ട് നാല് വരെയാണ് പരിപാടി. പൊതുജനങ്ങൾക്ക് പാചക വൈദഗ്ധ്യം പ്രദർശിപ്പിക്കുന്നതിനൊപ്പം സ്വാദിഷ്ടമായ ബ്രഞ്ച് ആസ്വദിക്കാനും അവസരമുണ്ടാകും. ഫോൺ: 0471 7100111 , 04716660888.

■ എലത്തൂർ ട്രെയിൻ തീവയ്പ്

പ്രതിയുടെ വീട്ടിലടക്കം 10 ഇടത്ത് എൻഐഎ റെയ്ഡ്

സ്വന്തം ലേഖകൻ

ന്യൂഡൽഹി

കോഴിക്കോട് എലത്തൂർ ട്രെയിൻ തീവയ്പ് കേസിന്റെ ഭാഗമായി ഡൽഹി ഷഹീൻബാഗിലടക്കം പത്തിടത്ത് ദേശീയ അന്വേഷണ ഏജൻസിയുടെ പരിശോധന. പ്രതി ഷാറൂഖ് സെയ്ഫിയുടെയും ബന്ധുക്കളുടെയും ഇയാൾക്ക് സഹായം നൽകിയെന്ന് കരുതുന്നവരുടെയും വീടുകളിലാണ് എൻഐഎ സംഘം വ്യാഴാഴ്ച രാവിലെ പത്തുമുതൽ പരിശോധന നടത്തിയത്.

പ്രതിയുടെ സുഹൃത്തായ ഒരാളെ കസ്റ്റഡിയിൽ എടുത്ത് കൊച്ചിയിലേക്ക് കൊണ്ടുപോയെന്ന് സൂചനയുണ്ടങ്കിലും ഏജൻസി സ്ഥിരീകരിച്ചിട്ടില്ല. രണ്ടുപേരെ ലക്ഷ്യമിട്ടാണ് ഷഹീൻബാഗിൽ തിരച്ചിലെന്നാണ് വിവരം. മൊബൈൽ ഫോണുകൾ, ലാപ്ടോപ്, ഹാർഡ് ഡിസ്ക് എന്നിവയുൾപ്പെടെ നിരവധി ഡിജിറ്റൽ ഉപകരണങ്ങളും മറ്റു രേഖകളും പിടിച്ചെടുത്തെന്ന് എൻഐഎ അറിയിച്ചു. ഏപ്രിൽ രണ്ടിനാണ് കണ്ണൂരിലേക്ക് പോയ എക്സിക്യൂട്ടീവ് എക്സ്പ്രസിൽ യാത്രക്കാർക്കുനേരെ ഷാറൂഖ് പെട്രോളൊഴിച്ച് തീവച്ചത്. സംഭവത്തിനിടെ ട്രെയിനിൽനിന്ന് വീണ് മൂന്നുപേർ കൊല്ലപ്പെട്ടു. മഹാരാഷ്ട്രയിലെ രത്നഗിരിയിലാണ് ഫാറൂഖ് പിടിയിലായത്.

എൽഡിഎഫ് കോവളം മണ്ഡലം ജാഥ തുടങ്ങി

കോവളം

എൽഡിഎഫ് കോവളം മണ്ഡലം വാഹന പ്രചാരണ ജാഥ ജാഥാ ക്യാപ്റ്റനെ ഷാൾ അണിയിച്ച് വി ജോയി എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

കോവളം മണ്ഡലത്തിലെ എൽഡിഎഫ് വാഹന പ്രചാരണ ജാഥയ്ക്ക് ആവേശത്തുടക്കം. പ്രതികൂല കാലാവസ്ഥയിലും നിരവധിപേർ ഉദ്ഘാടന വേദിയായ ഊക്കോട് എത്തി. മഴയത്തും സ്ത്രീകളും യുവാക്കളും ആവേശപൂർവം ജാഥയോടൊപ്പം അണിചേർന്നു. എൽഡിഎഫ് സർക്കാർ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ജനങ്ങളുമായി സംവദിക്കുന്നതിനായാണ് എൽഡിഎഫ് കോവളം മണ്ഡലം കമ്മിറ്റി വാഹന പ്രചാരണ ജാഥ സംഘടിപ്പിക്കുന്നത്.

സിപിഐ എം കോവളം ഏരിയ സെക്രട്ടറി പി എസ് ഹരികുമാർ ക്യാപ്റ്റനായ ജാഥ ഊക്കോട് ജങ്ഷനിൽ വി ജോയി എംഎൽഎ ഉദ്ഘാടനം ചെയ്തു. കാഞ്ഞിരംകുളം ഗോപാലകൃഷ്ണൻ വൈസ് ക്യാപ്റ്റനും തെന്നൂർക്കോണം ബാബു മാനേജരുമാണ്.

എൽഡിഎഫ് വെള്ളായണി മേഖലാ കൺവീനർ ഊക്കോട് കൃഷ്ണൻകുട്ടി അധ്യക്ഷനായി. സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗം ടി എൻ സീമ, കോവളം ഏരിയ സെക്രട്ടറി പി എസ് ഹരികുമാർ, ജനതാദൾ ദേശീയ സെക്രട്ടറി നീലലോഹിതദാസ്, സിപിഐ എം ജില്ലാ കമ്മിറ്റി അംഗം പി രാജേന്ദ്രകുമാർ, നേമം ഏരിയ സെക്രട്ടറി പാറക്കുഴി സുരേന്ദ്രൻ, കേരള ഓട്ടോമൊബൈൽ ചെയർമാൻ പുല്ലുവിള സ്റ്റാൻലി, സിപിഐ മണ്ഡലം സെക്രട്ടറി കാഞ്ഞിരംകുളം ഗോപാലകൃഷ്ണൻ, എസ് രാധാകൃഷ്ണൻ, വി സുധാകരൻ, തെന്നൂർക്കോണം ബാബു, വിഴിഞ്ഞം ജയകുമാർ, വെങ്ങാനൂർ ലോയ്ഡ്, ടി എസ് രഘുനാഥൻ, വിജയകുമാരൻ നായർ എന്നിവർ സംസാരിച്ചു. ജയചന്ദ്രൻ സ്വാഗതംപറഞ്ഞു.

ജാഥ ഇന്ന്

വെള്ളി രാവിലെ കോവളത്തുനിന്ന് പര്യടനം ആരംഭിക്കും. വിഴിഞ്ഞം, വെങ്ങാനൂർ, കല്ലിയൂർ, തേമ്പാമുട്ടം, ബാലരാമപുരം, ഉച്ചക്കട, പയറ്റുവിള, ചപ്പാത്ത്, കാഞ്ഞിരംകുളം, കരുംകുളം എന്നിവിടങ്ങളിൽ പര്യടനം നടത്തി വൈകിട്ട് പൂവാറിൽ സമാപിക്കും. സമാപന യോഗം സിപിഐ ജില്ലാ സെക്രട്ടറി മാങ്കോട് രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ

(ഭാരതത്തിന്റെ ഭരണഘടനയിലെ അനുച്ഛേദം 243Zkയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘങ്ങൾ ആക്റ്റിലെ 28B വകുപ്പ് പ്രകാരം രൂപീകൃതമായത്)

തെരഞ്ഞെടുപ്പ് വിജ്ഞാപനം

(1969ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റിലെ വകുപ്പ് 28ബി അനുബന്ധചട്ടങ്ങളിലെ ചട്ടം 35എ എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

നമ്പർ OI/596/2023/ഇ(2)എസ്.സി.ഇ.സി തിരുവനന്തപുരം, 10.05.2023

T. 724-ാം നമ്പർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തത്തിന്റെ പുതിയ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടികൾക്കായി അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ (തിരുവനന്തപുരം) നെ ഇലക്ടറൽ ഓഫീസർ ആയും ഫോർട്ട് യൂണിറ്റ് ഇൻസ്പക്ടർ നെ വരണാധികാരിയായും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ സംഘത്തിലെ എല്ലാ അംഗങ്ങളുടെയും അറിവിലേക്കായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

തെരഞ്ഞെടുപ്പ് വിശദാംശങ്ങൾ

1. സംഘത്തിന്റെ നിയമാവലി പ്രകാരം തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം : 11 (പതിനൊന്ന്)
2. സഹകരണ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട വിഭാഗങ്ങൾ : എണ്ണം
ജനറൽ : 6 (ആറ്)
വനിത : 3 (മൂന്ന്)
എസ്.സി/എസ്.ടി : 1 (ഒന്ന്)
10000 രൂപയോ അതിൽ കൂടുതലോ നിക്ഷേപമുള്ള അംഗങ്ങളിൽ നിന്നും : 1 (ഒന്ന്)
ആകെ : 11 (പതിനൊന്ന്)

3. പ്രാഥമിക വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും തീയതിയും	12.05.2023 പകൽ 11 മണിക്ക് സംഘം/ ബാങ്ക് ഓഫീസ് നോട്ടീസ് ബോർഡിൽ.
4. വോട്ടർപട്ടികയിലെ തടസ്സവാദങ്ങൾ സമർപ്പിക്കുന്നതിനുള്ള തീയതികൾ	12.05.2023 പകൽ 11 മണിമുതൽ 19.05.2023 പകൽ 5 മണിവരെ.
5. തടസ്സവാദങ്ങൾ പരിശോധിക്കുന്നതിനുള്ള തീയതിയും, സമയവും, സ്ഥലവും	20.05.2023 പകൽ 11 മണിമുതൽ 5 മണിവരെ സംഘം/ ബാങ്ക് ഓഫീസിൽ വച്ച്.
6. അന്തിമ വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും തീയതിയും സമയവും	23.05.2023 പകൽ 11 മണിക്ക് സംഘം/ ബാങ്ക് ഹെഡ് ഓഫീസ് നോട്ടീസ് ബോർഡിൽ.
7. നാമനിർദേശപത്രിക നേരിട്ടു സമർപ്പിക്കുന്നതിനുള്ള സ്ഥലവും തീയതിയും സമയവും	31.05.2023 പകൽ 11 മണിമുതൽ 2 മണിവരെ സംഘം/ ബാങ്ക് ഓഫീസിൽവച്ച്.
8. നാമനിർദേശപത്രികകൾ സൂക്ഷ്മപരിശോധനയ്ക്കുള്ള സ്ഥലവും തീയതിയും സമയവും	01.06.2023 പകൽ 11 മണിമുതൽ സംഘം/ ബാങ്ക് ഓഫീസിൽവച്ച്.
9. പത്രികകൾ പിൻവലിക്കുന്നതിനുള്ള സ്ഥലവും തീയതിയും സമയവും	02.06.2023 പകൽ 5 മണിവരെ സംഘം/ ബാങ്ക് ഓഫീസിൽവച്ച്.
10. വോട്ടെടുപ്പ് വേണ്ടിവരുന്നപക്ഷം വോട്ടെടുപ്പ് നടത്തുന്ന സ്ഥലവും സമയവും തീയതിയും	17.06.2023 ശനിയാഴ്ച പകൽ 11 മണിമുതൽ 3 മണിവരെ സംഘം ഓഫീസിൽ വച്ച്.

(പ്രത്യേക ശ്രദ്ധയ്ക്ക്: വിജ്ഞാപനത്തിന്റെ കുറിപ്പ് ഭാഗം സംഘം/ബാങ്ക് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

ഒപ്പ്, എം. എസ്. ലൈല
സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സഹകരണ സംഘം T.724, തിരുവനന്തപുരം

ഭരണസമിതി തെരഞ്ഞെടുപ്പ് നോട്ടീസ്

മാന്യരെ,

ടി. 724–ാം നമ്പർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്റ്റാഫ് സഹകരണ സംഘത്തിന്റെ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പൊതുയോഗം 2023 ജൂൺ മാസം 17–ാം തീയതി ശനിയാഴ്ച പകൽ 11 മണിമുതൽ 3 മണിവരെ സംഘം ഓഫീസിൽവച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ സംഘത്തിലെ എല്ലാ അംഗങ്ങളെയും തിരിച്ചറിയൽകാർഡ് സഹിതം കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം
10.5.23

ആജ്ഞാനുസരണം
ഒപ്പ്, സെക്രട്ടറി

ഭർതൃമാതാവിന്റെ കാൽ തല്ലിയൊടിച്ച മരുമകൾ അറസ്റ്റിൽ

സ്വന്തം ലേഖകൻ

നേമം

സുകന്യ

ബാലരാമപുരം തലയൽ റെയിൽവേ ക്രോസിന് സമീപം വീട്ടമ്മയെ ആക്രമിച്ച സംഭവത്തിൽ മരുമകൾ അറസ്റ്റിൽ. ആറാലുമൂട് തലയൽ പുന്നകണ്ടത്തിൽ വയൽ നികത്തിയ വീട്ടിൽ വാസന്തി (63)ക്കാണ് മർദനമേറ്റത്. ഇവരുടെ രണ്ടാമത്തെ മകൻ രതീഷ്കുമാറിന്റെ ഭാര്യ ആറാലുംമൂട് പുന്നക്കണ്ടത്തിൽ സുകന്യ (ചിഞ്ചു–27)യെ ബാലരാമപുരം പൊലീസ് അറസ്റ്റു ചെയ്തു. കുടുംബ കലഹമാണ് ആക്രമണത്തിന് പിന്നിൽ. ചൊവ്വാഴ്ച രാവിലെ നടന്ന സംഭവത്തിൽ പൊലീസ് നടത്തിയ ശാസ്ത്രീയ അന്വേഷണത്തിലാണ് മരുമകൾ അറസ്റ്റിലായത്.

ചൊവ്വ രാവിലെ ആറോടെ വാസന്തി മൂത്ത മകനൊപ്പം ബൈക്കിൽ സൊസൈറ്റിയിൽ പാൽ കൊടുത്ത ശേഷം വീടിനടുത്ത റെയിൽവേ പാലത്തിന് സമീപം ഇറങ്ങി വീട്ടിലേക്ക് പോകുമ്പോഴായിരുന്നു ആക്രമണം. പാന്റ്സും ഷർട്ടും ധരിച്ച് മുടി നീട്ടിവളർത്തിയ ഒരാളാണ് ആക്രമണത്തിന് പിന്നിലെന്ന് നാട്ടുകാരുടെ മൊഴിയിൽനിന്ന് വ്യക്തമായിരുന്നു. വാസന്തിയുടെ ആഭരണങ്ങൾ നഷ്ടപ്പെടാത്തതിനാൽ മോഷണശ്രമമല്ലെന്ന് പൊലീസ് ഉറപ്പിച്ചു. സംഭവ സ്ഥലത്ത് സിസിടിവിയില്ലാതിരുന്നത് പൊലീസിനെ കുഴക്കി. ബാലരാമപുരം സ്റ്റേഷൻ ഹൗസ് ഓഫീസർ ടി വിജയകുമാർ നടത്തിയ ശാസ്ത്രീയ അന്വേഷണമാണ് പ്രതിയിലേക്കെത്തിയത്. കാലിന് അടിയേറ്റ വാസന്തിയുടെ കരച്ചിൽകേട്ട് സമീപവാസികൾ ഓടിയെത്തി ഏറെസമയം കഴിഞ്ഞാണ് സുകന്യ സ്ഥലത്തെത്തിയത്. ഇതോടെ സംശയം ബലപ്പെട്ടു. ആക്രമണം നടന്ന സ്ഥലത്തിനടുത്തെ പൊട്ടക്കിണറ്റിൽ അക്രമി ഉപയോഗിച്ച കമ്പിപ്പാര കിട്ടിയതോടെ സുകന്യയെ ചോദ്യം ചെയ്യുകയായിരുന്നു.

കുറ്റം സമ്മതിച്ച ഇവർ ഭർത്താവ് തന്നെ ഉപദ്രവിക്കുന്നതിന് കാരണം വാസന്തിയാണെന്ന വിരോധത്തിലാണ് ആക്രമിച്ചതെന്ന് പൊലീസിനോട് പറഞ്ഞു. തെറ്റിദ്ധരിപ്പിക്കാനാണ് ഭർത്താവിന്റെ പാന്റ്സും ഷർട്ടും ധരിച്ച് മുഖം ഷാൾ കൊണ്ട് മറച്ച് ആക്രമണം നടത്തിയത്. ഷാളും വസ്ത്രങ്ങളും സുകന്യയുടെ വീട്ടിൽനിന്ന് കണ്ടെടുത്തു.

എസ്ഐ അജിത്കുമാർ, ഗ്രേഡ് എസ്ഐ രാധാകൃഷ്ണൻ, സിപിഒമാരായ വിനീഷ്, പത്മകുമാർ, ശ്രീകാന്ത്, സുമിത എന്നിവരും അന്വേഷണസംഘത്തിലുണ്ടായിരുന്നു.